**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3820** **27-06-2024 - ൽ മറുപടിയ്ക്ക്**

**തലശ്ശേരി-മൈസൂർ, നിലമ്പൂർ-നഞ്ചങ്കോട് റെയിൽവേ ലൈനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. ടി.ഐ.മധുസൂദനൻ,<br>ശ്രീ. പി. വി. അൻവർ,<br>ശ്രീ ഒ . ആർ. കേളു | | ശ്രീ. വി. അബ്ദുറഹിമാൻ<br>(ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ പ്രധാനപ്പെട്ട റെയിൽവേ പദ്ധതികളായ തലശ്ശേരി-മൈസൂർ, നിലമ്പൂർ-നഞ്ചങ്കോട് റെയിൽവേ ലൈനുകൾ നിർമ്മിക്കുന്നതിനുവേണ്ടിയുള്ള പ്രവൃത്തികൾ നിലവിൽ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകാമോ; | (എ) | നിർദ്ദിഷ്ട നിലമ്പൂർ - നഞ്ചൻകോട് റെയിൽ ലൈൻ സുൽത്താൻബത്തേരി വഴി കേരളത്തിനും കർണാടകത്തിനും ഇടയിൽ ഹ്രസ്വദൂര കണക്റ്റിവിറ്റി നൽകുന്ന പദ്ധതികളാണ്. വയനാട് ജില്ലയും റെയിൽവേ ഭൂപടത്തിൽ ഇടം പിടിക്കുന്നു എന്നതിനോടൊപ്പം മലബാർ മേഖലയിൽ നിന്നും മൈസൂർ, ബാംഗ്ലൂർ ഭാഗത്തേക്ക് റെയിൽവേ വഴിയുള്ള ദൂരം വലിയ അളവിൽ കുറയുകയും ചെയ്യുമെന്നതാണ്. എന്നതാണ് പ്രസ്തുത പദ്ധതിയുടെ പ്രധാന നേട്ടം. റെയിൽവേ മന്ത്രാലയത്തിന്റേയും കേരള സർക്കാരിന്റേയും സംയുക്ത സംരംഭമായ കെ.ആർ.ഡി.സി.എൽ. നെയാണ് സർവ്വേ പ്രവർത്തനങ്ങൾ നടത്തി പദ്ധതിയുടെ ഡിപിആർ തയ്യാറാക്കുന്നതിനു ചുമതലപ്പെടുത്തിയിരിക്കുന്നത്.<br><br>സമാന പദ്ധതിയായ തലശ്ശേരി - മൈസൂർ, റെയിൽ ലൈൻ പ്രൊപ്പോസലും ആസൂത്രണ ഘട്ടത്തിലായിരുന്നു. ഈ രണ്ടു പദ്ധതികളുടെയും തുടർ നടത്തിപ്പുമായി ബന്ധപ്പെട്ട് കർണാടക സർക്കാരിന്റേ ഇൻഫ്രാസ്ട്രക്ച്ചർ വിഭാഗം എ.സി.എസുമായി ഒരു ഉന്നതതല യോഗം ചേരുകയും പുതുക്കിയ അലൈൻമെന്റ് ഉൾപ്പെടെയുള്ള വിവരങ്ങൾ കർണാടക സർക്കാരിനു സമർപ്പിക്കുകയും ചെയ്തിരുന്നു. നിലവിൽ നിലമ്പൂർ-നഞ്ചൻകോട് ലൈനിന്റെ സർവേ (എഫ്.എൽ.എസ്) നേരിട്ടു നടത്താൻ റെയിൽവേ മന്ത്രാലയം തീരുമാനിച്ചതിനാൽ ടി സർവ്വേ വേഗത്തിൽ പൂർത്തീകരിക്കുവാൻ കഴിഞ്ഞാൽ തലശ്ശേരി-മൈസൂർ പാത നിലമ്പൂർ-നഞ്ചൻകോട് ലൈനുമായി കണക്റ്റ് ചെയ്തുകൊണ്ട് കർണാടക മേഖലയിൽ രണ്ട് പദ്ധതികൾക്കുമായി പൊതുവായ അലൈൻമെന്റ് ആവിഷ്കരിക്കുവാൻ കഴിയുന്നതാണ്. ടി പദ്ധതികൾ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടെയുള്ള വിവിധ റെയിൽവേ പദ്ധതികൾക്കായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടിയന്തര ഇടപെടൽ ആവശ്യപ്പെട്ട് കൊണ്ട് കേന്ദ്ര റെയിൽവേ മന്ത്രിക്ക് കത്തെഴുതിയിട്ടുണ്ട്. ഇതേകാര്യം ഉന്നയിച്ച് കൊണ്ട് റെയിൽവേ ബോർഡ് ചെയർമാനും കേരള സർക്കാർ കത്തയച്ചിട്ടുണ്ട്.<br><br>പ്രസ്തുത പദ്ധതികളുടെ സ്ഥിതി വിലയിരുത്തുന്നതിനും സർവേ നടപടികൾ തുടങ്ങുന്നതിനു അംഗീകാരം ലഭിക്കുന്നതുമായി ബന്ധപ്പെട്ടുള്ള വിഷയങ്ങൾ ചർച്ച നടത്തുന്നതിന് കേരള സർക്കാരിന്റെ റെയിൽവേയുടെ ചുമതലയുള്ള ബഹുമാനപ്പെട്ട മന്ത്രി, കർണ്ണാടക സർക്കാരിന്റെ ഇൻഫ്രാസ്ട്രക്ച്ചറിന്റെ ചുമതലയുള്ള ബഹുമാനപ്പെട്ട മന്ത്രിക്കു കത്തയച്ചിട്ടുമുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ? | (ബി) | നിർദ്ദിഷ്ട നിലമ്പൂർ - നഞ്ചൻകോട് റെയിൽ ലൈൻ സുൽത്താൻബത്തേരി വഴി കേരളത്തിനും കർണാടകത്തിനും ഇടയിൽ ഹ്രസ്വദൂര കണക്ടിവിറ്റി നൽകുന്ന പദ്ധതികളാണ്. വയനാട് ജില്ലയും റെയിൽവേ ഭൂപടത്തിൽ ഇടം പിടിക്കുന്നു എന്നതിനോടൊപ്പം മലബാർ മേഖലയിൽ നിന്നും മൈസൂർ, ബാംഗ്ലൂർ ഭാഗത്തേക്ക് റെയിൽവേ വഴിയുള്ള ദൂരം വലിയ അളവിൽ കുറയുകയും ചെയ്യുമെന്നതാണ്. എന്നതാണ് പ്രസ്തുത പദ്ധതിയുടെ പ്രധാന നേട്ടം. റെയിൽവേ മന്ത്രാലയത്തിന്റേയും കേരള സർക്കാരിന്റേയും സംയുക്ത സംരംഭമായ കെ.ആർ.ഡി.സി.എൽ. നെയാണ് സർവ്വേ പ്രവർത്തനങ്ങൾ നടത്തി പദ്ധതിയുടെ ഡിപിആർ തയ്യാറാക്കുന്നതിനു ചുമതലപ്പെടുത്തിയിരിക്കുന്നത്.<br><br>സമാന പദ്ധതിയായ തലശ്ശേരി - മൈസൂർ, റെയിൽ ലൈൻ പ്രൊപ്പോസലും ആസൂത്രണ ഘട്ടത്തിലായിരുന്നു. ഈ രണ്ടു പദ്ധതികളുടെയും തുടർ നടത്തിപ്പുമായി ബന്ധപ്പെട്ട് കർണാടക സർക്കാരിന്റേ ഇൻഫ്രാസ്ട്രക്ച്ചർ വിഭാഗം എ.സി.എസുമായി ഒരു ഉന്നതതല യോഗം ചേരുകയും പുതുക്കിയ അലൈൻമെന്റ് ഉൾപ്പെടെയുള്ള വിവരങ്ങൾ കർണാടക സർക്കാരിനു സമർപ്പിക്കുകയും ചെയ്തിരുന്നു. നിലവിൽ നിലമ്പൂർ-നഞ്ചൻകോട് ലൈനിന്റെ സർവേ (എഫ്.എൽ.എസ്) നേരിട്ടു നടത്താൻ റെയിൽവേ മന്ത്രാലയം തീരുമാനിച്ചതിനാൽ ടി സർവ്വേ വേഗത്തിൽ പൂർത്തീകരിക്കുവാൻ കഴിഞ്ഞാൽ തലശ്ശേരി-മൈസൂർ പാത നിലമ്പൂർ-നഞ്ചൻകോട് ലൈനുമായി കണക്ട് ചെയ്തുകൊണ്ട് കർണാടക മേഖലയിൽ രണ്ട് പദ്ധതികൾക്കുമായി പൊതുവായ അലൈൻമെന്റ് ആവിഷ്കരിക്കുവാൻ കഴിയുന്നതാണ്. ടി പദ്ധതികൾ |

| | | | |
|---|---|---|---|
| | | | ഉൾപ്പെടെയുള്ള വിവിധ റെയിൽവേ പദ്ധതികൾക്കായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി അടിയന്തര ഇടപെടൽ ആവശ്യപ്പെട്ട് കൊണ്ട് കേന്ദ്ര റെയിൽവേ മന്ത്രിക്ക് കത്തെഴുതിയിട്ടുണ്ട്. ഇതേകാര്യം ഉന്നയിച്ച കൊണ്ട് റെയിൽവേ ബോർഡ് ചെയർമാനും കേരള സർക്കാർ കത്തയച്ചിട്ടുണ്ട്.<br><br>പ്രസ്തുത പദ്ധതികളുടെ സ്ഥിതി വിലയിരുത്തുന്നതിനും സർവേ നടപടികൾ തുടങ്ങുന്നതിനു അംഗീകാരം ലഭിക്കുന്നതുമായി ബന്ധപ്പെട്ടുള്ള വിഷയങ്ങൾ ചർച്ച നടത്തുന്നതിന് കേരള സർക്കാരിന്റെ റെയിൽവേയുടെ ചുമതലയുള്ള ബഹുമാനപ്പെട്ട മന്ത്രി, കർണ്ണാടക സർക്കാരിന്റെ ഇൻഫ്രാസ്ട്രക്ച്ചറിന്റെ ചുമതലയുള്ള ബഹുമാനപ്പെട്ട മന്ത്രിക്കു കത്തയച്ചിട്ടുമുണ്ട്. |

സെക്ഷൻ ഓഫീസർ